സ്ദീപിക

Regd. No. KL/EKM/157/2006-08

# ഐ ടി മേഖലയിൽ തിളങ്ങുന്ന നേട്ടവുമായി ഐപിഎസ്ആർ



*മെൻഡസ് ജേക്കബ്*

കേരളത്തിലെ വിവര സാങ്കേതിക വിദ്യാമേഖലയിൽ പുതുമയേറിയ പ്രവർത്തന ശൈലിയുടെ വളർച്ചയുടെ പടവുകൾ കീഴടക്കി മാതൃകയാവുകയാണ് IPSR. കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ അംഗങ്ങളുടെ നിർദേശപ്രകാരം വികസിപ്പിച്ചെടുത്ത അക്കൗണ്ടിംഗ് സോഫ്ട്‌വെയറും കേരളത്തിലെ പ്രമുഖ പ്രഫഷണൽ കോളജുകൾക്കായി വികസിപ്പിച്ചെടുത്ത വെബ് മാനേജ്മെന്റ് സോഫ്ട്‌വെയറുമാണ് ഇതിൽ പ്രാധാന്യമർഹിക്കുന്നത്.

മുൻ കാലങ്ങളിൽ ബാംഗ്ലൂരും മറ്റ് മെട്രോ നഗരങ്ങളിലുമുള്ള സോഫ്ട്‌വെയർ സ്ഥാപനങ്ങൾ മാത്രം വികസിപ്പിച്ചിരുന്ന ഇത്തരം സോഫ്ട്‌വെയർ പ്രോഡക്ടുകൾ കേരളത്തിൽ നിന്നു കൊണ്ട് പ്രാദേശിക വിഭവശേഷികളുപയോഗിച്ച് വികസിപ്പിച്ചെടുക്കാൻ സാധിച്ചു എന്നത് IPSRനെ ഈ മേഖലയിൽ മുൻപന്തിയിൽ നിർത്തുന്നു.

വ്യാപാര മേഖലയ്ക്കുള്ള E2com എന്ന സോഫ്ട്‌വെയർ സ്വദേശത്തും വിദേശത്തുമുള്ള വിപണി കയ്യടക്കിക്കഴിഞ്ഞു. വെബ്സൈറ്റുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ICMS എന്ന സോഫ്ട്‌വെയർ കേരളത്തിലുടനീളം ഇരുപതോളം പ്രഫഷണൽ കോളജുകൾ ഉപയോഗിച്ചു വരുന്നു.

IPSR ഗ്രൂപ്പിന്റെ മറ്റൊരു പ്രധാന ശാഖയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രഫഷണൽ സ്റ്റഡീസ് & റിസർച്ച് തൊഴിലധിഷ്ഠിത IT കോഴ്സുകൾ നൽകിവരുന്നു. ലിനക്സ് മേഖലയിൽ ഏറെ മുന്നിൽ നിൽക്കുന്ന IPSR ലിനക്സ് വിഭാഗം ആരംഭിച്ച വർഷം തന്നെ 'റെഡ്ഹാറ്റ്' ഏർപ്പെടുത്തിയിരിക്കുന്ന 'റെഡ്ഹാറ്റ് ലേണിംഗ് സർവീസസ് നാഷണൽ അവാർഡ്' സ്വന്തമാക്കി.

ബാംഗ്ലൂരും ബോംബെയുമുൾപ്പെടെ ഇന്ത്യയിലെ മറ്റ് മഹാനഗരങ്ങളിലുള്ള പരിശീലകർക്ക് മാത്രം സ്വന്തമായിരുന്ന ഈ ബഹുമതി തുടർച്ചയായ രണ്ടാം തവണയും IPSR സ്വന്തമാക്കി. കേരളത്തിലെ വിദ്യാർഥികൾക്ക് വിവര സാങ്കേതിക മേഖലയിലെ ഉന്നത സർട്ടിഫിക്കേഷനുകൾക്കായി മറ്റു സംസ്ഥാനങ്ങളിലേക്ക് ചേക്കേറണമെന്ന ധാരണയ്ക്ക് IPSR ഇതോടെ വിരാമമിട്ടു. ഏഷ്യയിലെതന്നെ ഏറ്റവുമധികം RHCE പരീക്ഷകൾ സംഘടിപ്പിച്ച പരിശീലകർ എന്ന ബഹുമതിയും ഇതിനോടകം IPSR സ്വന്തമാക്കി.

വിദ്യാർഥി സമൂഹത്തോടുള്ള പ്രതിബദ്ധത എന്ന നിലയ്ക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഉന്നത പഠനത്തിനായി സ്കോളർഷിപ്പ് പദ്ധതികൾ കജടഞ നൽകിവരുന്നുണ്ട്. വിദ്യാർഥികൾക്ക് തൊഴിൽ തേടിക്കൊടുക്കുന്നതിനായി ഒരു കരിയർ സെന്ററും കജടഞൽ പ്രവർത്തിച്ചുവരുന്നു.

കോട്ടയത്തും കൊച്ചിയിലും കോഴിക്കോട്ടുമായി പ്രവർത്തനം നടത്തിവരുന്ന കജടഞ ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടർ ഡോ. മെൻഡസ് ജേക്കബാണ് (Dr. Mendes Jacob) ഏറെക്കാലം മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് അപ്ലിക്കബിൾ മാത്തമാറ്റിക്സ് മേധാവിയായി സേവനമനുഷ്ഠിച്ച അദ്ദേഹം മരിയൻ കോളജ് MCA വിഭാഗം ഡയറക്ടർ കൂടിയാണ്.